

18-02-2022

FRIDAY

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian    Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-18/02/2022

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിൽ കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളമുള്ള കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് നടത്തിവരുന്നു. കാർഷിക യന്ത്രങ്ങൾ കൈവശമുളള എല്ലാ കാർഷിക യന്ത്ര ഉടമകളും, മറ്റ് ഇതര ഏജൻസികളും, അവരുടെ പരിധിയിലുള്ള കൃഷി ഭവനുകളിൽ **ഈ മാസം 28 നു** (ഫെബ്രുവരി 28) മുൻപായി യന്ത്രങ്ങളുടെ വിവരങ്ങൾ നിശ്ചിത രജിസ്ട്രേഷൻ ഫോറത്തിൽ രേഖപ്പെടുത്തി നൽകേണ്ടതാണ്. മാതൃക ഫോറം കൃഷിഭവനുകളിൽ ലഭ്യമാണ്.

2. തിരുവനന്തപരും ജില്ലയിലെ ഒറ്റൂർ കൃഷിഭവനി**ൽ ജൈവ പച്ചക്കറി കൃഷി, ഇടവിള കൃഷി വികസനം, സമഗ്ര തെങ്ങുകൃഷി പരിപാലനം** എന്നീ പദ്ധതികൾ പ്രകാരമുള്ള വിത്ത്, വളം എന്നിവയുടെ വിതരണം ആരംഭിച്ചിരിക്കുന്നു. ഗുണഭോക്താക്കൾ കൃഷിഭവനിൽ നിന്നും സാധനം കൈപ്പറ്റണമെന്ന് കൃഷിഓഫീസർ അറിയിച്ചു.

3. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഉത്പാദിപ്പിക്കുന്ന കെപ്കോ ചിക്കനും അനുബന്ധ ഉത്പന്നങ്ങളും വിൽപ്പന നടത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ വിൽപ്പന സാധ്യതയുളള സ്ഥലങ്ങളിൽ ഏജൻസികൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുളളവർ സ്വന്തം വിശദാംശങ്ങളും ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലവും വ്യക്തമാക്കിക്കൊണ്ട് വെളളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ഈ മാസം 28-ന് (**ഫെബ്രുവരി 28-ന്**) മുമ്പ് **മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000921, 9495000918** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കുറ്റിച്ചൽ പഞ്ചായത്ത് നടപ്പിലാക്കുന്ന **ആട് വളർത്തൽ, കന്നുകുട്ടി പരിപാലനം, മുട്ടക്കോഴി വിതരണം, ധാതുലവണമിശ്രിതം** എന്നീ പദ്ധതികൾക്ക് ഗുണഭോക്തൃ ലിസ്റ്റിൽ പേരുളള

ഗുണഭോക്താക്കൾ ബന്ധപ്പെട്ട രേഖകളുമായി ഈ മാസം 25-ന് (ഫെബ്രുവരി 25) മുമ്പായി കുറ്റിച്ചൽ മൃഗാശുപത്രിയിൽ അപേക്ഷ നൽകണമെന്ന് കുറ്റിച്ചൽ മൃഗാശുപത്രി വെറ്ററിനറി സർജൻ അറിയിച്ചു.

5. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഇന്നു വരെ (ഫെബ്രുവരി 18) പൂതാടി ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠനകേന്ദ്രം വഴി **തേനീച്ച വളർത്തൽ** എന്ന വിഷയത്തിൽ മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് ആരംഭിക്കുന്നു. ഈ മാസം 21-ന് (ഫെബ്രുവരി 21) ആരംഭിക്കുന്ന കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഈ മാസം 20 (ഫെബ്രുവരി 20) ആണ്. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ **9497353389, 7559070461** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

7. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലനകേന്ദ്രത്തിൽ ഈ മാസം 21,22 തീയതികളിൽ **ആട് വളർത്തലിൽ** ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0479 – 2457778** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **'സോയിൽ ഹെൽത്ത് മാനേജ്മെൻറ്'** എന്ന ഓൺലൈൻ വിദൂര പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ആണ് പഠന മാദ്ധ്യമം . താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കുപയോഗിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഈ മാസം 24

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

(ഫെബ്രുവരി 24) ആണ്. കോഴ്സുകൾ 2022 ഫെബ്രുവരി 25 ന് തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾ www.celkau.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും **7559070461, 9497353389, 9567190858** എന്നീ ഫോൺ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

9. പുളിങ്കുന്ന്, കാവാലം, വെളിയനാട്, നീലംപേരൂർ കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന 45 ദിവസത്തിന് മുകളിൽ പ്രായമായ ചില പാടശേഖരങ്ങളിൽ മൂഞ്ഞയുടെ സാന്നിദ്ധ്യം കണ്ടുതുടങ്ങിയിട്ടുണ്ട്. കർഷകർ കൃഷിയിടങ്ങൾ പരിശോധിക്കുകയും കീടസാന്നിദ്ധ്യം കാണുന്ന പക്ഷം മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രവുമായി അടിയന്തിരമായി ബന്ധപ്പെടുകയും വേണം. കീടത്തിന്റെ സാന്നിദ്ധ്യം കാണുന്ന ഉടനെ കീടനാശിനി പ്രയോഗത്തിന് മുതിരുന്നത് പിന്നീട് കീടബാധ രൂക്ഷമാവുന്നതിനും കൂടുതൽ ഇടങ്ങളിലേയ്ക്ക് വ്യാപിക്കുന്നതിനും ഇടയാകും. അമിത കീടനാശിനി പ്രയോഗം മൂലം മിത്രപ്രാണികൾ വ്യാപകമായി നശിപ്പിക്കപ്പെടുമ്പോഴാണ് മൂഞ്ഞബാധ നിയന്ത്രണാതീതമാകുന്നത്. ആയതിനാൽ സാങ്കേതിക നിർദ്ദേശപ്രകാരമല്ലാതെ കർഷകർ കീടനാശിനി പ്രയോഗം നടത്താൻ പാടില്ല. നിലവിൽ ആശങ്കപ്പെടേണ്ട യാതൊരു സാഹചര്യവും ഇല്ല എന്ന് മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രം പ്രോജക്ട് ഡയറക്ടർ അറിയിച്ചു.

**മനുരത്ന** ഇനം കൃഷി ചെയ്യുന്ന ചില പാടങ്ങളിൽ ബ്ലാസ്റ്റ് രോഗലക്ഷണങ്ങൾ കാണുന്നുണ്ട്. ബ്ലാസ്റ്റ് രോഗത്തിന്റെ (നെല്ലിന്റെ ഓലയിലും മറ്റും കണ്ണിന്റെ ആകൃതിയിലുള്ള പുള്ളികൾ) ലക്ഷണങ്ങൾ കാണുന്ന പക്ഷം കർഷകർ അടിയന്തിരമായി കീടനിരീക്ഷണ കേന്ദ്രവുമായി ബന്ധപ്പെടണമെന്നും മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രം പ്രോജക്ട് ഡയറക്ടർ അറിയിച്ചു.